**അനുബന്ധം**

## പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 12.02.2024-ലെ നക്ഷത്രചിഹ്നമിടാത്ത 2304-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

## ഹോമിയോപ്പതി സ്ഥാപനങ്ങൾ

(2304) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ മാതൃക എൻ.എ.ബി.എച്ച്., ഐ.എസ്.ഒ., ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്റർ എന്നീ നാലു ബഹുമതികളും അലങ്കരിക്കുന്ന ഏതെങ്കിലും ഹോമിയോപ്പതി സ്ഥാപനമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ സ്ഥാപനത്തിൽ ദിവസേന എത്ര രോഗികൾ ചികിത്സ തേടുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) കിടത്തി ചികിത്സ, ലബോറട്ടറി, ഫിസിയോതെറാപ്പി യൂണിറ്റ് എന്നീ സംവിധാനങ്ങൾ ഇവിടെയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ കൈകൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ നായന്മാർമൂല സർക്കാർ ഹോമിയോ ഡിസ്പെൻസറി, മാതൃക, എൻ.എ.ബി.എച്ച്. ഐ.എസ്.ഒ., ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ എന്നീ നാല് ബഹുമതികളും അലങ്കരിക്കുന്ന ഹോമിയോപ്പതി സ്ഥാപനമാണ്.

(ബി) ഈ സ്ഥാപനത്തിൽ ദിവസേന 40 മുതൽ 50 രോഗികൾ വരെ ചികിത്സ തേടുന്നു.

(സി) കിടത്തി ചികിത്സ, ലബോറട്ടറി, ഫിസിയോതെറാപ്പി യൂണിറ്റ് എന്നീ സംവിധാനങ്ങൾ ഈ ഡിസ്പെൻസറിയിൽ ലഭ്യമല്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.